പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2327
18.12.2012-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്കരണത്തിലെ അപാകതകൾ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ.കെ.എം.മാണി, ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | ഒമ്പതാം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവിന്മേൽ സർക്കാർ നാളിതുവരെ എത്ര ഭേദഗതികൾ വരുത്തിയിട്ടുണ്ട്; ഭേദഗതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | ഒമ്പതാം ശമ്പള പരിഷ്കരണ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് നാളിതുവരെ 122 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ശമ്പള പരിഷ്കരണ ഉത്തരവിന്മേൽ എത്ര അനോമലികൾ പരിഹരിച്ചു; ഇനി എത്ര അനോമലികൾ പരിഹരിക്കാനുണ്ട്; | ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി, ഭേദഗതി ഉത്തരവുകളുൾപ്പെടെ, നാളിതുവരെ 118 സർക്കാർ ഉത്തരവുകളും 4 സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനോമലി ഉള്ളതായി ബോധ്യപ്പെടുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| .(സി) | അനോമലി പരിഹാര സെൽ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിർത്തലാക്കിയത്; നിർത്തലാക്കാനുള്ള കാരണം എന്താണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | 06/08/2012 ലെ ജി.ഒ(എം.എസ്) നം.440/2012/ധന പ്രകാരം 01/08/2012 പ്രാബല്യത്തിൽ അനോമലി റെക്റ്റിഫിക്കേഷൻ സെൽ നിർത്തലാക്കിയിട്ടുണ്ട്. 9-ാം ശമ്പള പരിഷ്കരണത്തിലെ അനോമലികൾ പരിഹരിക്കുന്നതിനായി 01.03.2011 ലെ ജി.ഒ(എം.എസ്) നം.96/2011/ധന പ്രകാരം ധനകാര്യ വകുപ്പിൽ രൂപീകരിച്ച 'അനോമലി റെക്റ്റിഫിക്കേഷൻ സെൽ' ഒരു താൽകാലിക സംവിധാനമായിരുന്നു. അതിന്റെ കാലാവധി കഴിഞ്ഞ മുറയ്ക്കാണ് ടി സെൽ നിർത്തലാക്കിയത്.<br>ഉത്തവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | അനോമലിയെ സംബന്ധിക്കുന്ന ശേഷിക്കുന്ന പരാതികൾ ഇപ്പോൾ ആരാണ് പരിഹരിക്കുന്നത്; | അനോമലികൾ സംബന്ധിക്കുന്ന ശേഷിക്കുന്ന പരാതികൾ അനോമലി റെക്ടിഫിക്കേഷൻ സെല്ലിലെ എ സെക്ഷൻ വിന്യസിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽ പുതുതായി രൂപീകരിച്ചിട്ടുള്ള പി.ആർ.സി-ഡി സെക്ഷനിൽ ആണ് പരിശോധിക്കുന്നത്. |

| | | |
|---|---|---|
| (ഇ) | അനോമലി പരിഹാര സെൽ എത്ര ക്ലാരിഫിക്കേഷനുകൾ, പുതിയ സ്കെയിലുകൾ, ഒമിഷൻസ്, ഇറേറ്റം എന്നിവ നടത്തിയിട്ടുണ്ട്; ഇവയുടെ വേർതിരിച്ച ലിസ്റ്റ് ലഭ്യമാക്കുമോ; | അനോമലികൾ പ്രത്യേകതരമായി വേർതിരിച്ച് പരിശോധിക്കുന്ന പതിവില്ല. എന്നാൽ ഉത്തരവുകളിൽ സ്കെയിൽ മോഡിഫിക്കേഷൻ, ഇറേറ്റം, ക്ലാരിഫിക്കേഷൻ തുടങ്ങിയവ നൽകാറുണ്ട്. നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള 122 ഉത്തരവുകളിൽ പുതിയ സ്കെയിലുകൾ (സ്കെയിൽ മോഡിഫിക്കേഷൻ), ഒമിഷൻസ്, ഇറേറ്റം, ക്ലാരിഫിക്കേഷനുകൾ എന്നിവയുടെ വേർതിരിച്ച ലിസ്റ്റ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | ലൈബ്രേറിയന്മാരുടെ ശമ്പളത്തിലുണ്ടായ അനോമലി പരിഹരിക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകളാണ് ലഭിച്ചത്; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ തസ്തികകൾക്ക് ഒമ്പതാം ശമ്പള പരിഷ്കരണത്തിൽ അനുവദിച്ച ഉയർന്ന ശമ്പള സ്കെയിലുകൾ തങ്ങൾക്കും ബാധകമാക്കണമെന്നാവശ്യപ്പെട്ട് കോമൺ പൂൾ ലൈബ്രറി സർവ്വീസിലെ വിവിധ സംഘടനകൾ സമർപ്പിച്ചിട്ടുള്ള 5 അപേക്ഷകളും പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിയമസഭാ ലൈബ്രറി ജീവനക്കാരുടെ നിവേദനവും ലഭിച്ചിരുന്നു. കോമൺ പൂൾ ലൈബ്രറി സർവ്വീസിലെ ലൈബ്രേറിയൻ ഗ്രേഡ് III, ഗ്രേഡ് II, ഗ്രേഡ് I, സീനിയർ ലൈബ്രേറിയൻ, സയന്റിഫിക് ഇൻഫർമേഷൻ ഓഫീസർ, സീനിയർ ഗ്രേഡ് ലൈബ്രേറിയൻ/ ചീഫ് ടെക്നിക്കൽ ലൈബ്രേറിയൻ എന്നീ തസ്തികകളുടെ ശമ്പള സ്കെയിലുകൾ 13/07/2012 ലെ ജി.ഒ(എം.എസ്) നം.399/2012/(102)/ധന പ്രകാരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ സമാന തസ്തികകളുടേതിനു തുല്യമാക്കി ഉയർത്തിയിട്ടുണ്ട്. |
| (ജി) | ഒരേ അടിസ്ഥാന യോഗ്യതയുള്ള വിവിധ വകുപ്പുകളിലെ ലൈബ്രേറിയന്മാരിൽ ചില വകുപ്പുകൾക്ക് മാത്രം ശമ്പള തുല്യത നൽകുകയും മറ്റ് ചില വകുപ്പുകളിലെ ലൈബ്രേറിയന്മാർക്ക് ശമ്പള തുല്യത നൽകാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ? | അടിസ്ഥാന യോഗ്യത ഒന്നായതുകൊണ്ടുമാത്രം തസ്തികകൾക്ക് ഒരേ ശമ്പള സ്കെയിൽ നൽകണമെന്നില്ല. ജോലിചെയ്യുന്ന വകുപ്പ്, ജോലി സ്വഭാവം, ഉത്തരവാദിത്തം, ജോലിഭാരം തുടങ്ങി വിവിധ ഘടകങ്ങളും കൂടി പരിഗണിച്ചാണ് കാലാകാലങ്ങളിലെ ശമ്പള കമ്മീഷനുകൾ വിവിധ തസ്തികകൾക്ക് ശമ്പളസ്കെയിൽ നിശ്ചയിക്കുന്നത്. |

Manjushal

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**